TUESDAY 19/05/2026 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/05/2026

1. കാർഷിക മേഖലയെ സ്മാർട്ടാക്കാൻ സഹായകരമായ പുതുമയുള്ള കാർഷിക ആശയങ്ങളെ സംരംഭമാക്കി മാറ്റുന്നതിനുള്ള PM-RKVY- പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി മെയ് 30 വൈകീട്ട് 4 മണി വരെ ആക്കി പുതുക്കി നിശ്ചയിച്ചു. കേരള കാർഷിക സർവകലാശാല നടപ്പിലാക്കുന്ന അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാം (KAU RAISE 2026), സ്റ്റാർട്ട് അപ്പ് ഇൻക്യുബേഷൻ പ്രോഗ്രാം (KAU PACE 2026) എന്നിവയിലേക്ക് അപേക്ഷിക്കുന്നതിനുള്ള തീയതിയാണ് നീട്ടിയിരിക്കുന്നത്. സ്മാർട്ട് കൃഷി രീതികൾ, കാർഷിക ഉത്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ, പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, മാലിന്യ സംസ്കരണ മാർഗങ്ങൾ എന്നിങ്ങനെ വിവിധ കാർഷിക-കാർഷികാനുബന്ധ മേഖലകളിലെ ആശയങ്ങൾ സ്റ്റാർട്ടപ്പുകളാക്കാൻ പദ്ധതിയിലേക്ക് അപേക്ഷിക്കാം. കേരള കാർഷിക സർവകലാശാലയിലെ അഗ്രിബിസിനസ് ഇൻക്യുബേറ്ററിലൂടെയാണ് പദ്ധതിയുടെ സേവനങ്ങൾ നൽകുന്നത്. അപേക്ഷകൾ സ്വീകരിക്കുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അവസാന തീയതി 30.05.2026 (4 PM). കൂടുതൽ വിവരങ്ങൾക്ക് rabi.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ 9778436265 / 0487 2438332 / 9497650150/ 9496979543 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ rabi@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ, ഗൂഗിൾ ഫോം മുഖേനയോ അയക്കാവുന്നതാണ്. അഗ്രിബിസിനസ് ഇൻക്യൂബേറ്ററിലേക്ക് അയക്കേണ്ട വിലാസം ഡോ. കെ. പി. സുധീർ, അഗ്രിബിസിനസ് ഇൻക്യൂബേറ്റർ മേധാവി, കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക കോളേജ്, കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, തൃശൂർ - 680656.

2. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപനത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ 35 ദിവസം പ്രായമായ BV-380 ഇനം കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. വില ഒന്നിന് 175/- രൂപ. ബുക്കിങ്ങിനായി വിളിക്കേണ്ട ഫോൺ നമ്പർ : 8547070773, 0487 2370773 വിളിക്കേണ്ട സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് (കെപ്കോ) കീഴിൽ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന്, കൊല്ലം ജില്ലയിലെ കൊട്ടിയം, തൃശ്ശൂർ ജില്ലയിലെ മാള എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ളതും വർഷത്തിൽ 300 മുട്ടകൾ വരെയിടുന്നതുമായ ഒരു ദിവസം പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. ആവശ്യമുള്ളവർ രാവിലെ 10.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ 9495000915, 9495000923, 9495000934 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Post-Harvest Management & Marketing of Fruits & Vegetables" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50%

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാർക്കോട്ടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്ബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2026 ജൂൺ 15. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

5. തിരുവനന്തപുരം മഷ്റൂം ഫാർമേഴ്സ് ആൻഡ് ബൈപ്രൊഡക്ട്സ് പ്രൊഡ്യൂസേഴ്സ് വെൽഫെയർ സൊസൈറ്റി കൂൺപുരയുടെ നേതൃത്വത്തിൽ ഈ മാസം 20ന് രാവിലെ 10 മുതൽ കൈമനം കൂൺപുരയിൽ സൗജന്യ കൂൺ കൃഷി പരിശീലനം നടത്തും. ഗ്രൂപ്പുകൾക്കും സംഘടനകൾക്കും അവരുടെ സ്ഥലത്തുവച്ച് പരിശീലനം നൽകും. കൃഷിക്ക് ആവശ്യമായ വിത്തും മറ്റ സാധനങ്ങളും എത്തിച്ചുകൊടുക്കുകയും കർഷകർ ഉത്പാദിപ്പിക്കുന്ന കൂൺ അവരിൽ നിന്നും വിലയ്ക്ക് എടുക്കുകയും ചെയ്യും. കൂടുതൽവിവരങ്ങൾക്ക് ഫോൺനമ്പർ : 9847328975,9447002290.

6. നെടുമങ്ങാട് മിത്രനികേതൻ കൃഷിവിജ്ഞാന കേന്ദ്രത്തിൽ ഈ മാസം 22ന് രാവിലെ 10 മുതൽ 3.30വരെ കൂൺ കൃഷിയിൽ പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകും. താൽപ്പര്യമുള്ളവർ 21ന് വൈകിട്ട് 4 മണിക്ക് മുമ്പ് 9446911451 എന്ന നമ്പറിൽ റജിസ്റ്റർ ചെയ്യണം. പങ്കെടുക്കുന്നവർക്ക് കൂൺ വിത്തും കൂൺ തടം തയാറാക്കുന്നതിനുള്ള കവറും സൗജന്യമായി നൽകും .

7. കാർഷിക നിർദേശം

തെങ്ങ് – കാലവർഷം തുടങ്ങുന്നതിനു മുന്നേയുള്ള മെയ് ജൂൺ സമയമാണ് തെങ്ങിൻ തൈ നടുന്നതിനുള്ള അനുയോജ്യമായ സമയം. 1 മീറ്റർ വീതിയും നീളവും ആഴവുമുള്ള കുഴി എടുത്ത് മേൽ മണ്ണും കുമ്മായവും ചേർത്ത് ഒരാഴ്ചയ്ക്ക് ശേഷം കുഴിയിൽ ചാണകവും വേപ്പിൻപിണ്ണാക്കും എല്ലുപൊടിയും ചേർത്ത് ഇളക്കിയ ശേഷം വിത്തുതേങ്ങയുടെ അതേ വലിപ്പത്തിലുള്ള ഒരു കുഴി ഉണ്ടാക്കി അതിലേക്ക് തെങ്ങിൻ തൈ നടുക. കാറ്റിൽ തെങ്ങിൻ തൈയുടെ വേരിനു ഇളക്കം സംഭവിക്കാതെ ഇരിക്കുന്നതിനായി നട്ട ശേഷം തൈയ്ക്ക് സമാന്തരമായി ഒരു കമ്പ് തൈയിൽ അധികം ബലം കൊടുക്കാത്ത രീതിയിൽ കെട്ടിവെക്കുക.